**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -പരിസ്ഥിതി ദിനത്തിൽ തൈകൾ നടുന്നതിന് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത് /പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി - നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1031/2020/ത.സ്വ.ഭ.വ** — തിരുവനന്തപുരം,
**തീയതി, 02/06/2020**

---

പരാമർശം:-പഞ്ചായത്ത്ഡയറക്ടർസമർപ്പിച്ച22.05.2020ലെ പി.എ.എൻ/3431 /2020/ജെ4(ഡി.പി) നമ്പർ

കത്ത്

**<u>ഉത്തരവ്</u>**

ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ. ഹരിതകേരളം മിഷൻ .തൊഴിലുറപ്പ് പദ്ധതി എന്നിവ മുഖേന ഉല്പാദിപ്പിച്ച തൈകൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഒരുക്കുന്നതിന് വേണ്ടി വരുന്ന വാഹന ചെലവ്, മറ്റ് ഒഴിവാക്കാനാകാത്ത ചെലവുകൾ, എന്നിവക്ക് വേണ്ടി വരുന്ന തുക ഗ്രാമ പഞ്ചായത്തുകൾ കണ്ടെത്തേണ്ടതുണ്ട് .ആയതിനാൽ 2020 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി തൈകൾ നടുന്നതിന് വേണ്ടി വരുന്ന ചെലവുകൾക്കായി പരമാവധി പതിനായിരം രൂപ വരെ ഗ്രാമപഞ്ചായത്തുകളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി തൈകൾ നടുന്നതിന് വേണ്ടി വരുന്ന ചെലവുകൾക്കായി പരമാവധി പതിനായിരം രൂപ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത്/പ്ലാൻ ഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**അനിൽ കുമാർ ജി**

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bind

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്